ജി(1)6229/2020 സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി **19/02/2020**

**<u>സർക്കുലർ നമ്പർ 11../2020</u>**

വിഷയം: സഹകരണ വകുപ്പ്- കേരള സഹകരണ അംഗ സമാശ്വാസ പദ്ധതി(മെമ്പർ റിലീഫ് ഫണ്ട്)- മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം: 1. സർക്കാരിന്റെ 22.06.2018 ലെ സ.ഉ (കൈ) നം 22/2018/സഹ നമ്പർ ഉത്തരവ്

2. സർക്കാരിന്റെ 17.09.2018 ലെ സ.ഉ (കൈ) നം 34/2018/സഹ നമ്പർ ഉത്തരവ്

3. സഹകരണ സംഘം രജിസ്ട്രാറുടെ 04/2020 നമ്പർ സർക്കുലർ.

കേരള സഹകരണ സംഘം നിയമം വകുപ്പ് 56 (1) സി, ചട്ടം 53 എ എന്നിവ പ്രകാരം കേരള സഹകരണ അംഗസമാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ അനുസരിച്ച് കേരള സഹകരണ അംഗസമാശ്വാസ നിധി നടപ്പിലാക്കുന്നതിനുള്ള സ്കീം സൂചന (1) പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി സർക്കുലർ നിർദ്ദേശങ്ങൾക്കും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കും വിപരീതമായുമുള്ള അപേക്ഷകൾ ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ശുപാർശ ചെയ്ത് പരിഗണനയ്ക്കായി സമർപ്പിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ആശ്വാസമേകുന്നതിലേയ്ക്കായി സർക്കാർ ആവിഷ്ക്കരിച്ച ടി പദ്ധതി പ്രകാരം സഹായം അനുവദിക്കുന്നതിലേയ്ക്കായി ജോയിന്റ് രജിസ്ട്രാർമാർ സമർപ്പിക്കുന്ന അപേക്ഷകൾ പൂർണ്ണമായും ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കണം . അപ്രകാരം അല്ലാതെയുള്ള അപേക്ഷകൾ ശുപാർശ ചെയ്ത് സഹകരണ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന പക്ഷം ആയത് ഗുരുതര വീഴ്ചയായി കണക്കാക്കുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു.

ഒപ്പ്
ഡോ.പി.കെ ജയശ്രീ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-
1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും

3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
5. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ
   സംഘങ്ങൾ/ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ് സഹകരണ
   സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)